പതിനാലാം കേരള നിയമസഭ

**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*503**

18/05/2017 ൽ മറുപടിക്ക്

## പൊതുമേഖലാ സ്ഥാപനങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുരളീധരൻ**<br>**ശ്രീ.ഷാഫി പറമ്പിൽ**<br>**ശ്രീ.വി.പി.സജീന്ദ്രൻ**<br>**ശ്രീ.അൻവർ സാദത്ത്** | **ശ്രീ. എ.സി.മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിലായ ഓരോ സ്ഥാപനത്തിനേയും ലാഭകരമാക്കുന്നതിനും ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ലാഭം ദീർഘകാലത്തേയ്ക്ക് ഉറപ്പിൽ വരുത്തുന്നതിനും ഇതിലൂടെ തൊഴിൽ അവസരങ്ങൾ വർദ്ധിപ്പിയ്ക്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.<br>സ്ഥാപനങ്ങളുടെ നിലവിലെ മൊത്തം വിറ്റുവരവ് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ ഇരട്ടിയാക്കുന്നതിനുള്ള വികസന പദ്ധതികൾക്കാണ് സർക്കാർ പ്രാമുഖ്യം നൽകുന്നത്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ശതമാനം അധികം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന വിവിധ വിപുലീകരണ പദ്ധതികളുടെ ഫലമായി നിലവിലുള്ള ജീവനക്കാർ കൂടാതെ 20% മുതൽ 30% ത്തോളം പുതിയ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രാഥമിക വിലയിരുത്തൽ. കൂടാതെ വിവിധ സ്ഥാപനങ്ങളിൽ ആസൂത്രണം ചെയ്തുവരുന്ന പദ്ധതികൾ യാഥാർത്ഥ്യമാകുന്ന മുറയ്ക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ